# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**


പി.ആർ.ഒ/36/235/2017 2017 നവംബർ 08

## പത്രക്കുറിപ്പ്

**എം.ജി.യിലെ കോളേജ് അദ്ധ്യാപകർക്ക് പ്രൊഫസർ പ്രൊമോഷന് ഉത്തരവായി**
*(ദയവായി എല്ലാ എഡിഷനുകളിലും)*

കോടതിവിധിയുടെയും സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള കോളേജ് അദ്ധ്യാപകർക്ക് പ്രൊഫസർ പ്രൊമോഷൻ നൽകുന്നതിന് വൈസ് ചാൻസലർ ഉത്തരവായി. 2006 ജനുവരി 1 മുതൽ ഇതിന് മുൻകാല പ്രാബല്യമുണ്ടായിരിക്കും.

ഇതനുസരിച്ച് 2010ലെ യു.ജി.സി. ചട്ടപ്രകാരം കോളേജുകളിലെ യു.ജി., പി.ജി. ഡിപ്പാർട്ട്മെന്റുകളിൽ പ്രൊഫസർ സ്ഥാനക്കയറ്റത്തിന് യോഗ്യതയുള്ള അസോസിയേറ്റ് പ്രൊഫസർമാരുടെ എണ്ണം തിട്ടപ്പെടുത്തി പ്രൊമോഷൻ നടത്തും. അഫിലിയേറ്റഡ് കോളേജുകളിലെ പി.ജി. ഡിപ്പാർട്ട്മെന്റുകളിൽ ഒരു പ്രൊഫസർ പദവി അനുവദിക്കും. മൂന്ന് വർഷത്തെ പരിചയവും ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി.യും ഉള്ള യോഗ്യരായ അസോസിയേറ്റ് പ്രൊഫസർമാരിൽ നിന്നും സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ ഈ പ്രൊഫസർ പദവിയിൽ പ്രൊമോഷൻ നൽകും. ഒരേ വിഷയത്തിൽ യു.ജി./പി.ജി. ഡിപ്പാർട്ട്മെന്റുകൾ ഉള്ള കോളേജുകളിൽ ബന്ധപ്പെട്ട വിഷയത്തിൽ ഒരു പ്രൊഫസർ തസ്തിക മാത്രമേ അനുവദിക്കുകയുള്ളൂ. യു.ജി. ഡിപ്പാർട്ട്മെന്റുകളിലെ എല്ലാ വിഷയങ്ങളിലുമായുള്ള അസോസിയേറ്റ് പ്രൊഫസർമാരുടെ ആകെ എണ്ണത്തിന്റെ 10 ശതമാനം (പ്രൊഫസർ സ്ഥാനം അനുവദിച്ച വിഷയം ഒഴികെ) സ്ഥാനക്കയറ്റത്തിലൂടെയുള്ള പ്രൊഫസർ പദവിയാക്കും. ഒരു നിശ്ചിതവിഷയത്തിന് ഒരു പ്രൊഫസർ പദവി മാത്രമായി നിജപ്പെടുത്തും. ഒരേ വിഷയത്തിൽ ഒന്നിലധികം യോഗ്യരായ അസോസിയേറ്റ് പ്രൊഫസർമാരുണ്ടെങ്കിൽ അവരിൽ സീനിയോരിറ്റി പരിഗണിക്കും. 2010 സെപ്തംബർ 18ന് മുമ്പുള്ള പ്രൊഫസർ പ്രൊമോഷൻ സ്ഥാപന മേധാവി സമർപ്പിക്കുന്ന സെൽഫ് അപ്രൈസൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും. അസോസിയേറ്റ് പ്രൊഫസർ പ്രൊമോഷനുവേണ്ടിയുള്ള പ്രൊപ്പോസലുകൾ 2017 ഡിസംബർ 10നകം സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതാണ്. സർവ്വകലാശാലയ്ക്ക് കീഴിലുള്ള എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപകർക്ക് ഈ ഉത്തരവിന്റെ പ്രയോജനം ലഭിക്കുന്നതാണ്.

**പരീക്ഷാഫലം**

2017 ഏപ്രിൽ/മെയ് മാസങ്ങളിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ ഓഫ് കാമ്പസ് ബി.എൽ.ഐ.എസ്.സി. (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 22 വരെ അപേക്ഷിക്കാം.

2017 മെയ് മാസത്തിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്.സി. മെഡിക്കൽ ബയോകെമിസ്ട്രി (റഗുലർ & സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്ക് നവംബർ 21 വരെ അപേക്ഷിക്കാം.

2017 മെയ് മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. ഹിന്ദി (സി.എസ്.എസ്. റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. ചങ്ങനാശ്ശേരി എൻ.എസ്.എസ്. ഹിന്ദു കോളേജിലെ അർച്ചന എസ്. നായർ, സ്നേഹ ജി. നായർ, പാർവ്വതി രാജൻ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 22 വരെ അപേക്ഷിക്കാം.

**അദ്ധ്യാപക പോർട്ടലിൽ വിവരങ്ങൾ സമർപ്പിക്കണം**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ അദ്ധ്യാപക പോർട്ടൽ പുതുക്കുന്നതുമായി ബന്ധപ്പെട്ട് വിവരങ്ങൾ പോർട്ടലിൽ സമർപ്പിക്കാത്ത കോളേജ് പ്രിൻസിപ്പൽമാർ നവംബർ 15നകം college.mgu.ac.in എന്ന പോർട്ടലിൽ നിലവിലുള്ള പ്രിൻസിപ്പൽ യൂസർ ഐഡിയും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് വിവരങ്ങൾ അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്.

**എം.ജി.യിൽ ജൂനിയർ റിസർച്ച് ഫെലോ ഒഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി, പൂനയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രോപ്പിക്കൽ മെറ്റീരിയോളജിയുടെ ധനസഹായത്തോടെ നടത്തുന്ന 'സ്റ്റഡി ഓഫ് ക്ലൈമറ്റ് ചേഞ്ച്' എന്ന പ്രോജക്ടിൽ ഒരു ജൂനിയർ റിസർച്ച് ഫെലോയുടെ ഒഴിവുണ്ട്.

ഗേറ്റ് സ്കോർ നേടിയ, എം.എഡ്/എം.ടെക് (നാനോ സയൻസ്/മറ്റീരിയൽ സയൻസ്/അറ്റ്മോസ്ഫിയറിക് സയൻസ്) യോഗ്യതയോ എം.എസ്.സി. അറ്റ്മോസ്ഫിയറിക് സയനസ്/ഫിസിക്സ്/കെമിസ്ട്രിയും നെറ്റ് യോഗ്യതയും ഉള്ളവരായിരിക്കണം അപേക്ഷകർ. അംഗീകൃത ഗവേഷണ പ്രസിദ്ധീകരണങ്ങളും, എയ്റോസോൾ സ്റ്റഡീസിൽ പരിചയവും അഭികാമ്യം. താല്പര്യമുള്ളവർ വിശദമായ ബയോഡേറ്റയും സാക്ഷ്യപ്പെടുത്തിയ മാർക്കുഷീറ്റുകളും ഡിഗ്രി സർട്ടിഫിക്കറ്റും സഹിതമുള്ള അപേക്ഷ ഡോ. നന്ദകുമാർ കളരിക്കൽ, ഓണററി ഡയറക്ടർ, ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686560 എന്ന വിലാസത്തിൽ നവംബർ 22നകം സമർപ്പിക്കണം. വിശദവിവരങ്ങൾക്ക് ഫോൺ: 0481 - 2731669, ഇമെയിൽ: jrfiiucnn@gmail.com

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**